**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 921** **30-06-2022 - ൽ മറുപടിയ്ക്ക്**

**റിംഗ് ചെക്ക്ഡാം നിർമ്മിക്കുന്നതിനുള്ള അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് മണ്ഡലത്തിലെ മുണ്ടയാട് കോളനിയിലെ ആദിവാസികളുടെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണുന്നതിന് മുണ്ടയാട് തോട്ടിൽ റിംഗ് ചെക്ക്ഡാം നിർമ്മിക്കുന്നതിന് ഭൂജലവകുപ്പ് അനുമതിക്കായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടിയുടെ പുരോഗതി വിശദമാക്കുമോ; | (എ) | കൂത്തുപറമ്പ് മണ്ഡലത്തിലെ മുണ്ടയാട് കോളനിയിലെ ആദിവാസികളുടെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണുന്നതിന് മുണ്ടയാട് തോട്ടിൽ റിംഗ് ചെക്ക്ഡാം നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി 1980 - ലെ വനസംരക്ഷണനിയമം അനുശാസിക്കുന്ന തരത്തിൽ, കേന്ദ്ര സർക്കാരിന്റെ പരിവേഷ് പോർട്ടിൽ ഭൂജലവകുപ്പ് അപേക്ഷകളൊന്നും സമർപ്പിച്ചിട്ടില്ല.<br><br>ഇത്തരം ആവശ്യങ്ങളുമായി ബന്ധപ്പെട്ട് വനഭൂമി വനേതര ആവശ്യത്തിന് കൈമാറുന്നതിന്, 1980 ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്റ്റ് വിവക്ഷിക്കുന്ന തരത്തിൽ കേന്ദ്ര സർക്കാരിന്റെ വെബ് സൈറ്റായ പരിവേഷ് പോർട്ടലിൽ യൂസർ ഏജൻസി അപേക്ഷ അപ് ലോഡ് ചെയ്യേണ്ടതാണ്. ആയത് വിവിധ തലങ്ങളിൽ പരിശോധിച്ച് സംസ്ഥാന സർക്കാരിന്റെ ശിപാർശയോടു കൂടി കേന്ദ്ര വനം-പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ അനുമതി നേടേണ്ടതായിട്ടുണ്ട്. എന്നാൽ പൊതുജനോപയോഗത്തിന് അത്യന്താപേക്ഷിതമായ ഇത്തരം പദ്ധതികൾക്ക് വനഭൂമി ഒരു ഹെക്ടറിന് താഴെയാണെങ്കിൽ കേന്ദ്ര സർക്കാരിന്റെ ജനറൽ അപ്രൂവലിന് കീഴിൽ സംസ്ഥാന സർക്കാരിന് അനുവാദം നൽകാവുന്നതാണ്. |
| (ബി) | ഇത്തരം ആവശ്യങ്ങൾക്ക് വനംവകുപ്പിന്റെ അനുമതിക്കുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കുമോ? | (ബി) | കൂത്തുപറമ്പ് മണ്ഡലത്തിലെ മുണ്ടയാട് കോളനിയിലെ ആദിവാസികളുടെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണുന്നതിന് മുണ്ടയാട് തോട്ടിൽ റിംഗ് ചെക്ക്ഡാം നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി 1980 - ലെ വനസംരക്ഷണനിയമം അനുശാസിക്കുന്ന തരത്തിൽ, കേന്ദ്ര സർക്കാരിന്റെ പരിവേഷ് പോർട്ടിൽ ഭൂജലവകുപ്പ് അപേക്ഷകളൊന്നും സമർപ്പിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | | | ഇത്തരം ആവശ്യങ്ങളുമായി ബന്ധപ്പെട്ട് വനഭൂമി വനേതര ആവശ്യത്തിന് കൈമാറുന്നതിന്, 1980 ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് വിവക്ഷിക്കുന്ന തരത്തിൽ കേന്ദ്ര സർക്കാരിന്റെ വെബ് സൈറ്റായ പരിവേഷ് പോർട്ടലിൽ യൂസർ ഏജൻസി അപേക്ഷ അപ് ലോഡ് ചെയ്യേണ്ടതാണ്. ആയത് വിവിധ തലങ്ങളിൽ പരിശോധിച്ച് സംസ്ഥാന സർക്കാരിന്റെ ശിപാർശയോടു കൂടി കേന്ദ്ര വനം-പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ അനുമതി നേടേണ്ടതായിട്ടുണ്ട്. എന്നാൽ പൊതുജനോപയോഗത്തിന് അത്യന്താപേക്ഷിതമായ ഇത്തരം പദ്ധതികൾക്ക് വനഭൂമി ഒരു ഹെക്ടറിന് താഴെയാണെങ്കിൽ കേന്ദ്ര സർക്കാരിന്റെ ജനറൽ അപ്രൂവലിന് കീഴിൽ സംസ്ഥാന സർക്കാരിന് അനുവാദം നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ